പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2344 **27-10-2026-ൽ മറുപടിയ്ക്ക്**

ഭരണരംഗത്ത് ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) രാജ്യത്തെ ആദ്യ എ.ഐ. വകുപ്പ് രൂപീകരിച്ച സംസ്ഥാനമെന്ന നിലയിൽ, ഭരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുജന സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിതമായി എന്തെല്ലാം പുതിയ പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സാങ്കേതികവിദ്യയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട്, ഇന്ത്യയിൽ ആദ്യമായി എ.ഐ.ക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ച് ഡിജിറ്റൽ ഗവേണൻസ് സംരംഭങ്ങൾ കേരളം നടപ്പിലാക്കിവരുന്നു. ഭരണകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുസേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും ജനങ്ങളിലേക്ക് എത്തിക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്:

- കെ-എഐ (K-AI) പ്രോഗ്രാം: സർക്കാർ വകുപ്പുകളിൽ AI സാങ്കേതികവിദ്യകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും, സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക സ്ഥാപനങ്ങൾക്കും AI പരിഹാരങ്ങൾ അവതരിപ്പിക്കുന്നതിനുമായി K-AI പോർട്ടലും പദ്ധതിയും നടപ്പിലാക്കിവരുന്നു.
- വിദ്യഎഐ (VidyAI) പദ്ധതി: സർക്കാർ ജീവനക്കാർക്ക് AI ഉപകരണങ്ങളുടെ പ്രായോഗിക ഉപയോഗത്തിലും Prompt Engineering-ലും പരിശീലനം നൽകുന്നു.
- ക്ലൗഡ് കമ്പ്യൂട്ടിംഗ് അടിസ്ഥാന സൗകര്യം: ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയിൽ (DUK) ജി.പി.യു സർവ്വറും, ഇന്ത്യ എ.ഐ മിഷന്റെ കീഴിൽ ജി.പി.യു കമ്പ്യൂട്ട് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) എ.ഐ. സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി സർക്കാരിന്റെ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് കൂടുതൽ വേഗത്തിലും സുതാര്യമായും എത്തിക്കുന്നതിന് പദ്ധതികളുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്. പൊതുജനങ്ങൾക്കായുള്ള സർക്കാർ സേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും ജനസൗഹൃദമായും ലഭ്യമാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് :

- വാട്സാപ്പ് ഗവേണൻസ് & ചാറ്റ് ബോട്ടുകൾ : സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി വാട്സാപ്പ് പ്ലാറ്റ്ഫോമുകളുമായി സംയോജിപ്പിച്ചുള്ള ഗവൺമെന്റ് സേവന സംരംഭങ്ങളും ചാറ്റ്ബോട്ട് സംവിധാനങ്ങളും സജീവമാക്കിയിട്ടുണ്ട്.

- സേഫ് ടെക് ക്യാമ്പെയ്ൻ : സൈബർ സുരക്ഷ ശക്തമാക്കുന്നതിനും വിവര സുരക്ഷ ഉറപ്പാക്കുന്നതിനുമായി 'സേഫ് ടെക്' ക്യാമ്പെയ്നും (SafeTech Campaign) SOC (SIEM, SOAR, UEBA, XDR) സംവിധാനങ്ങളും ഏകീകൃത വെബ് അപ്ലിക്കേഷൻ ഫയർവാളും (Unified WAF) നടപ്പിലാക്കിവരുന്നു.

(സി) സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും അഴിമതിയും കാലതാമസവും പൂർണ്ണമായി ഒഴിവാക്കുന്നതിനും എ.ഐ. ടൂളുകൾ പ്രയോജനപ്പെടുത്തുന്നതിനായി എന്തെങ്കിലും കർമ്മപദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മറുപടി: സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും കാലതാമസവും അഴിമതിയും പൂർണ്ണമായി ഒഴിവാക്കുന്നതിനും ഡിജിറ്റൽ സംവിധാനങ്ങളും എ.ഐ. ടൂളുകളും കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നുണ്ട്:

- ഫയൽ പെൻഡൻസി അനലിറ്റിക്കൽ ഡാഷ്ബോർഡ് : ഫയൽ കെട്ടിക്കിടക്കുന്ന അവസ്ഥയും കാലതാമസവും തത്സമയം (Realtime) വിലയിരുത്തുന്നതിനും, വിവിധ തരത്തിലുള്ള വിശദമായ ഡ്രിൽ-ഡൗൺ റിപ്പോർട്ടുകൾ (Drill-down Reports) ലഭ്യമാക്കുന്നതിനുമായി ഒരു അനലിറ്റിക്കൽ റിയൽ ടൈം ഡാഷ്ബോർഡ് വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- ഇ-ഓഫീസ് (eOffice) സംവിധാനം : സർക്കാർ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണ തോതിൽ നടപ്പിലാക്കിക്കൊണ്ട് ഫയൽ നീക്കം സുതാര്യവും വേഗത്തിലുമാക്കിയിട്ടുണ്ട്.
- AI & ഓട്ടോമേഷൻ പരിശീലനം : VidyAI പദ്ധതിയിലൂടെ സർക്കാർ ജീവനക്കാർക്ക് രേഖകൾ തയ്യാറാക്കൽ, ഡാറ്റാ വിശകലനം, പ്രോംപ്റ്റ് എഞ്ചിനീയറിംഗ് എന്നിവയിൽ പരിശീലനം നൽകി ഫയൽ കൈകാര്യം ചെയ്യൽ വേഗത്തിലാക്കുന്നു. കൂടാതെ, K-AI പ്രോഗ്രാം വഴി സർക്കാർ വകുപ്പുകളുടെ ആവശ്യങ്ങൾക്കനുസൃതമായ AI പരിഹാരങ്ങളും PoC (Proof of Concept) കളും നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ